2026
AUGUST
08
SATURDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




### ആഗോള വിപണികളുമായി മത്സരിക്കാൻ ഇന്ത്യ

## ഇറക്കുമതി തീരുവ 10 ശതമാനത്തിൽ താഴെയാക്കും

**ന്യൂദൽഹി:** അടുത്ത സാമ്പത്തിക വർഷത്തെ ബജറ്റോടെ ചില ഇനങ്ങളിൽ ഒഴികെ മിക്കവാറും ഉത്പന്നങ്ങളുടെ ഇറക്കുമതി തീരുവ പത്ത് ശതമാനത്തിൽ താഴെയാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ആഗോള വിപണികളുമായുള്ള മത്സരക്ഷമത കൂട്ടാൻ തന്ത്രപരമായ നീക്കവുമായി കേന്ദ്ര സർക്കാർ. അതിനായി വരുംവർഷങ്ങളിൽ ഇറക്കുമതി തീരുവ വൻതോതിൽ കുറയ്ക്കുമെന്നാണ് പ്രഖ്യാപനം. ആറ് വർഷത്തിനിടയിൽ ആദായനികുതി, കോർപ്പറേറ്റ് നികുതി, ചരക്ക് സേവന നികുതി എന്നിവയിൽ നടപ്പാക്കിയ പരിഷ്കാരങ്ങളുടെ തുടർച്ചയായാണ് ഈ നീക്കമെന്നും ധനമന്ത്രി നിർമല സീതാരാമൻ വ്യക്തമാക്കി.

ഡൽഹിയിൽ നടന്ന എൻ.സി.എ.ഇ.ആർ ഇന്ത്യ പോളിസി ഫോറത്തിൽ സംസാരിക്കവെയാണ് അവർ ഇക്കാര്യം പറഞ്ഞത്.

അടുത്ത സാമ്പത്തിക വർഷത്തെ ബജറ്റോടെ ചില ഇനങ്ങളിൽ ഒഴികെ മിക്കവാറും ഉത്പന്നങ്ങളുടെ ഇറക്കുമതി തീരുവ പത്ത് ശതമാനത്തിൽ



താഴെയാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. നികുതി കുറയ്ക്കുന്നതിലൂടെ ഇറക്കുമതി ചെലവ് താഴും. അതുവഴി രാജ്യത്തെ ഉത്പാദന മേഖലയ്ക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ കുറഞ്ഞ വിലയിൽ ലഭ്യമാകും. ഇന്ത്യയെ ആഗോള നിർമാണ ഹബ്ബാക്കി മാറ്റാനുള്ള പദ്ധതിയുടെ നിർണായക ഘട്ടമാണിതെന്നും വിലയിരുത്തുന്നു.

## രാജ്യത്തെ പൊതുമേഖലാ ബാങ്കുകൾ കുതിയ്ക്കുന്നു, ലാഭം 1.98 ലക്ഷം കോടി, കിട്ടാക്കടം കുറഞ്ഞു

**ന്യൂദൽഹി:** ഇക്കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ഇന്ത്യയിലെ പൊതുമേഖലാ ബാങ്കുകൾ വലിയ തിളക്കത്തിൽ. 2025 ഏപ്രിൽ മുതൽ 2026 മാർച്ച് വരെയുള്ള സാമ്പത്തിക വർഷത്തിൽ മികച്ച പ്രകടനമാണ് ഇന്ത്യയിലെ പൊതുമേഖലാ ബാങ്കുകൾ പുറത്തെടുത്തതെന്ന് പറയപ്പെടുന്നു. ധനകാര്യ സഹമന്ത്രി പങ്കജ് ചൗധരി രാജ്യസഭയിൽ നൽകിയ രേഖാമൂലമുള്ള മറുപടിയിലാണ് ഈ കണക്കുകൾ.

ബാങ്കുകളുടെ ലാഭം 1.98 ലക്ഷം കോടി എന്ന ചരിത്ര നേട്ടത്തിലെത്തിയിരിക്കുന്നു. ലാഭത്തിന്റെ കാര്യത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷവുമായി താരതമ്യംചെയ്യുമ്പോൾ 11 ശതമാനം വളർച്ചയുണ്ട്. കഴിഞ്ഞ നാല് സാമ്പത്തിക വർഷങ്ങളിലും ബാങ്കുകൾ ലാഭം രേഖപ്പെടുത്തുകയാണ്. പ്രകാരം, 2026 മാർച്ച് 31 വരെയുള്ള കണക്കുകൾ അനുസരിച്ച് പൊതുമേഖലാ ബാങ്കുകളുടെ മൊത്തം ബിസിനസ് 12.8 ശതമാനം വളർന്ന് 283.3 ലക്ഷം കോടിയിലെത്തി. ഇതിൽ മൊത്തം വായ്പകൾ 15.7 ശതമാനം ഉയർന്ന് 127 ലക്ഷം കോടിയായപ്പോൾ, നിക്ഷേപങ്ങൾ 156.3 ലക്ഷം കോടിയായി വർധിച്ചു. റീട്ടെയിൽ, കാർഷികം, ചെറുകിട, ഇടത്തരം വ്യവസായം എന്നീ രംഗങ്ങളിൽ ശക്തമായ വായ്പാ വളർച്ച ബാങ്കുകൾ നേടി. ചെറുകിട സംരംഭങ്ങൾക്കും കാർഷിക മേഖലയ്ക്കും കൂടുതൽ വായ്പ ലഭിച്ചതിന്റെ സൂചനയായാണ് ഇത് വിലയിരുത്തപ്പെടുന്നു. ബാങ്കുകളുടെ ആസ്തി നിലവാരത്തിലും ശ്രദ്ധേയമായ പുരോഗതിയുണ്ടായി. മൊത്തം കിട്ടാക്കടം 1.93 ശതമാനമായും അറ്റ കടം 0.39 ശതമാനമായും കുറഞ്ഞു. പൊതുമേഖലാ ബാങ്കുകളുടെ ഈ പ്രകടനം ബാങ്കിംഗ് മേഖലയിലെ പരിഷ്കാരങ്ങൾ ഫലം കാണുകയാണെന്നാണ് വിലയിരുത്തപ്പെടുന്നത്.

## ചാണകവും മാലിന്യവും ഇനി അടുക്കളയിൽ ഊർജമാകും, 23,731 കോടി അനുവദിച്ച് കേന്ദ്രം, കേരളത്തിലെ 6 ജില്ലകളിൽ കൂടി പ്ലാന്റ് വരുന്നു

**ന്യൂദൽഹി:** ചാണകവും ജൈവമാലിന്യവും ബയോഗ്യാസാക്കി മാറ്റുന്ന 'ഗോവർധൻ' പദ്ധതിക്ക് 23,731 കോടി രൂപ നീക്കിവയ്ക്കാൻ കേന്ദ്രമന്ത്രിസഭ യോഗം തീരുമാനിച്ചു. പത്തു വർഷത്തിനകം കംപ്രസ്ഡ് ബയോഗ്യാസിനെ (സിബിജി) രാജ്യത്തെ പ്രധാന ഊർജ സ്രോതസ്സുകളിലൊന്നായി മാറ്റുകയാണ് ലക്ഷ്യം. രാജ്യത്ത് ഉപയോഗിക്കുന്ന പ്രകൃതി വാതകത്തിന്റെ പകുതിയിലേറെയും ഇപ്പോൾ ഇറക്കുമതി ചെയ്യുകയാണ്. പശ്ചിമേഷ്യൻ സംഘർഷം ഉൾപ്പെടെ ആഗോളതലത്തിലെ അസ്ഥിരത കാരണം ഇറക്കുമതി പ്രതിസന്ധിയിലായിരുന്നു. എൽഎൻജി ലഭ്യത കുറഞ്ഞത് രാജ്യത്തെ വ്യവസായ മേഖലയേയും ബാധിച്ചു. ഇതുകൂടി കണക്കിലെടുത്താണ് ഗോവർധൻ പദ്ധതി വിപുലമാക്കുന്നതെന്നു മന്ത്രിസഭാ തീരുമാനങ്ങൾ വിശദീകരിച്ച മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

പത്തു വർഷംകൊണ്ട് സിബിജി ഉൽപാദനം പത്തിരട്ടിയാക്കാനാണു ശ്രമിക്കുന്നത്. സ്വകാര്യ മേഖലയ്ക്കും പ്ലാന്റുകൾ സ്ഥാപിക്കാം. ചെറുകിട സംരംഭകർക്ക് മുതൽമുടക്കിന്റെ 85 ശതമാനം വരെ വായ്പ ലഭ്യമാക്കും. സിറ്റി ഗ്യാസ് പൈപ്പ് ലൈനുകളുമായി ബന്ധിപ്പിച്ചായിരിക്കും ഇന്ധന വിതരണം. ഇതിനായി പൈപ്പ്ഡ് നാച്വറൽ ഗ്യാസിൽ (പിഎൻജി) സിബിജി ചേർക്കാനും ധാരണയായിട്ടുണ്ട്. പ്രതിദിനം ഒരു ടൺ (ടിപിഡി) ഉൽപാദന ശേഷിക്ക് 2 കോടി രൂപ വരെ മൂലധന സഹായം ലഭിക്കും.

വില സ്ഥിരതയും പദ്ധതിയുടെ പ്രത്യേകതയാണ്. മെട്രിക് മില്യൺ ബ്രിട്ടീഷ് തെർമൽ യൂണിറ്റിന് (എംഎംബിടിയു) 2,110 രൂപ എന്നതാണു നിശ്ചയിച്ചിരിക്കുന്ന നിരക്ക്. മാലിന്യം ഇന്ധനമാക്കി മാറ്റുന്നതോടെ കർഷകർക്ക് കൂടുതൽ വരുമാനം ലഭിക്കുമെന്നും ശുചിത്വം ഉറപ്പാക്കാൻ സാധിക്കുമെന്നും ജൈവവള ലഭ്യത വർധിക്കുമെന്നും മന്ത്രി പറഞ്ഞു. ഇന്ധന ഇറക്കുമതി കുറയ്ക്കുന്നതിലൂടെ 40,000 കോടിരൂപയുടെ വിദേശനാണ്യം ലാഭിക്കാൻ സാധിക്കും.

2018ൽ സ്വച്ഛ് ഭാരത് മിഷന്റെ (ഗ്രാമീൺ) ഭാഗമായാണ് ഗോവർധൻ പദ്ധതി നടപ്പാക്കാൻ തുടങ്ങിയത്. കുടുംബങ്ങൾക്കായി ചെറിയ ബയോഗ്യാസ് പ്ലാന്റുകൾ, തദ്ദേശ സ്ഥാപനങ്ങളും സ്വയംസഹായ സംഘങ്ങളും ചേർന്നു നടത്തുന്ന കമ്യൂണിറ്റി പ്ലാന്റുകൾ, ജൈവമാലിന്യ സംസ്കരണത്തിനായി വാണിജ്യാടിസ്ഥാനത്തിലുള്ള സിബിജി പ്ലാന്റുകൾ എന്നിവയ്ക്കാണു സഹായം ലഭ്യമാക്കുന്നത്. രാജ്യത്ത് ഇതിനകം 217 സിബിജി പ്ലാന്റുകൾ പ്രവർത്തനം തുടങ്ങി.






## ക്വട്ടേഷൻ ക്ഷണിച്ചു

പട്ടികജാതി വികസന വകുപ്പിന് കീഴിൽ ആലുവയിൽ പുതുതായി പണി കഴിച്ചിട്ടുള്ള പോസ്റ്റ്മെട്രിക് ബോയ്സ് ഹോസ്റ്റൽ പൂർണമായും ഡീപ് ക്ലീൻ ചെയ്യുന്നതിന് തയ്യാറായ അംഗീകൃത സ്ഥാപനങ്ങൾ, ഏജൻസികൾ എന്നിവരിൽ നിന്നും കൊട്ടേഷനുകൾ ക്ഷണിച്ചു. സീൽ ചെയ്ത ക്വട്ടേഷനുകൾ 2026 ആഗസ്റ്റ് 13 പകൽ 3.00 മണിക്കുള്ളിൽ കാക്കനാട് സിവിൽ സ്റ്റേഷൻ മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന ജില്ലാ പട്ടികജാതി വികസന ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷനുകൾ 13 ന് പകൽ നാലുമണിക്ക് ഹാജരായിട്ടുള്ള ക്വട്ടേഷണർമാരുടെ സാന്നിധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതും തുടർ നടപടി സ്വീകരിക്കുന്നതുമാണ്.

പട്ടികജാതി വികസന വകുപ്പിന് കീഴിൽ ആലുവയിൽ പുതുതായി നിർമ്മിച്ച പോസ്റ്റ് മെട്രിക് ബോയ്സ് ഹോസ്റ്റൽ കെട്ടിടം പൂർണ്ണമായി ഡീപ്പ് ക്ലീനിംഗ് നടത്തുന്നതിന് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ഏജൻസികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു. താല്പര്യമുള്ളവർ ഓഗസ്റ്റ് 13ന് വൈകീട്ട് 3:00 മണിക്ക് മുൻപായി കാക്കനാട് സിവിൽ സ്റ്റേഷനിലെ മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന ജില്ലാ പട്ടികജാതി വികസന ഓഫീസിൽ ക്വട്ടേഷനുകൾ സമർപ്പിക്കണം.
ഫോൺ: 0484 2422256

## ടെൻഡർ ക്ഷണിച്ചു

വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള കൂവപ്പടി ഐ.സി.ഡി.എസ്. പ്രോജക്ട് പരിധിയിലെ അങ്കണവാടികളിലേക്ക് കോഴിമുട്ട വിതരണം ചെയ്യുന്നതിന് ടെൻഡറുകൾ ക്ഷണിച്ചു. കൂവപ്പടി, രായമംഗലം തുടങ്ങിയ ഗ്രാമപഞ്ചായത്തുകളിലെ അങ്കണവാടികളിൽ 3 വയസ്സ് മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് ആഴ്ചയിൽ 3 കോഴിമുട്ട വീതം 2026 ഓഗസ്റ്റ് മുതൽ 2027 മാർച്ച് വരെ വിതരണം ചെയ്യുന്നതിനാണ് ടെൻഡർ വിളിച്ചിരിക്കുന്നത്. ആഗസ്റ്റ് 21 ന് വൈകീട്ട് 3 വരെ ടെൻഡറുകൾ സമർപ്പിക്കാം.ഫോൺ : 0484 26520783ബന്ധപ്പെടാം.

## അപേക്ഷ ക്ഷണിച്ചു

ഭക്ഷ്യപൊതുവിതരണ വകുപ്പിന് കീഴിൽ പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ പ്രവർത്തിക്കുന്ന കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റിന്റെ ഉടമസ്ഥതയിലുള്ള കോളേജ് ഓഫ് ഇൻഡിജീനസ് ടെക്നോളജിയിൽ പ്രിൻസിപ്പാൾ തസ്തികയിലേക്ക് കരാറടിസ്ഥാനത്തിൽ അപേക്ഷ ക്ഷണിച്ചു. പ്രതിമാസം 60,000/ രൂപ വേതനം ലഭിക്കുന്ന ഈ തസ്തികയിലേക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി 2026 ഓഗസ്റ്റ് 20 വൈകുന്നേരം 5 മണി വരെ. വിശദവിവരങ്ങൾക്കും അപേക്ഷാ ഫോമിനുമായി www.supplycokerala.com എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ് ഫോൺ നമ്പർ: 8281486120.

## കളക്ടറേറ്റ് എഐയിലേക്ക്

**കൊച്ചി:** ആർട്ടിഫിഷ്യൽ ഇൻറലിജൻസ് (എഐ) ഭരണനിർവഹണത്തിന് കരുത്താകുന്ന പുതിയ കാലഘട്ടത്തിലേക്ക് ചുവടുവച്ച് എറണാകുളം ജില്ലാ ഭരണകൂടം. ജില്ലയിലെ നാൽപ്പതിനായിരത്തിലധികം സർക്കാർ ജീവനക്കാർക്ക് എഐ പരിശീലനം നൽകുന്ന എഐ ഇറ (എഐ എറണാകുളം റവല്യൂഷനൈസിംഗ് അഡ്മിനിസ്ട്രേഷൻ) പദ്ധതി മന്ത്രി റോജി എം.ജോൺ ഉദ്ഘാടനം ചെയ്തു.

പദ്ധതിയുടെ ഭാഗമായി എറണാകുളം കളക്ടറേറ്റിൽ ആർട്ടിഫിഷ്യൽ ഇൻറലിജൻസ് സ്റ്റുഡിയോ സ്ഥാപിക്കും. പ്രോംപ്റ്റ് എൻജിനീയറിംഗ്, ഡാറ്റാ വിശകലനം, സൈബർ സുരക്ഷ, ഭരണതലത്തിലുള്ള ആർട്ടിഫിഷ്യൽ ഇൻറലിജൻസിന്റെ ഉപയോഗങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ ജീവനക്കാർക്ക് വർഷം മുഴുവൻ വിദഗ്ധ പരിശീലനം ഉറപ്പാക്കും.

ദൈനംദിന ഓഫീസ് ജോലികളും ഫയൽ എഴുത്തുകളും എഐ ഉപയോഗിച്ച് എങ്ങനെ എളുമാക്കാം എന്നതാണ് ജീവനക്കാരെ പഠിപ്പിക്കുന്നത്. പുതിയ സംവിധാനം വരുന്നതോടെ ഫയൽ തീർപ്പാക്കൽ അതിവേഗത്തിലാകും. ഐടി മിഷൻ, ഇൻഫോപാർക്ക്, എൻഐസി, ഐഡിബിഐ ബാങ്ക് എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

കാക്കനാട് ഇൻഫോപാർക്കിൽ നടന്ന ചടങ്ങിൽ കളക്ടർ ജി.പ്രിയങ്ക, സബ് കളക്ടർ ഗ്രന്ഥേ സായി കൃഷ്ണ, ഇൻഫോ പാർക്ക് സിഇഒ സുശാന്ത് കുറുന്തിൽ, ഐടി മിഷൻ ജില്ലാ കോഓർഡിനേറ്റർ ചിഞ്ചു സുനിൽ ദത്ത് തുടങ്ങിയവർ പങ്കെടുത്തു.

## സിബിഎസ്ഇ ജില്ലാ സഹോദയ കലോത്സവം: പേരും ലോഗോയും പ്രകാശനംചെയ്തു

**പാലക്കാട്:** സെപ്റ്റംബർ 17,18,19 തിയതികളിലായി നടക്കുന്ന സിബിഎസ്ഇ ജില്ലാ സഹോദയ സ്കൂൾ കലോത്സവത്തിന്റെ പേരും ലോഗോയും മാന്വലും സെൻറ് റാഫേൽസ് കത്തീഡ്രൽ സ്കൂളിൽ പ്രകാശനം ചെയ്തു. ജില്ലാ സഹോദയ പ്രസിഡൻറ് കെ. സോണിയ കലോത്സവത്തിന്റെ ലോഗോയും ജ്വാല 2026 എന്ന പേരും പ്രകാശനം ചെയ്തു.

പിഡിഎസ്എസ്സി വൈസ് പ്രസിഡൻറും സെൻറ് റാഫേൽസ് സ്കൂൾ മാനേജരുമായ ഫാ. ജോഷി പുലിക്കോട്ടിൽ കലോത്സവത്തിൻറെ മാന്വൽ പ്രകാശനം നിർവഹിച്ചു.



# എഐ യുഗത്തിലേക്ക് കെഎസ്ആർടിസി: കൂടുതൽ ഡിജിറ്റൽ സേവനങ്ങൾ ജനങ്ങളിലേക്കെത്തിക്കും

**തിരുവനന്തപുരം:** എഐ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി കെഎസ്ആർടിസി യെ പുതിയ യുഗത്തിലേക്ക് നയിക്കുകയാണെന്ന് ഗതാഗത വകുപ്പ് മന്ത്രി സി പി ജോൺ പറഞ്ഞു. തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിലെ സിംഫണി ഹാളിൽ കെഎസ്ആർടിസിയുടെ എഐ അധിഷ്ഠിത വാട്സ്ആപ്പ് ടിക്കറ്റിങ് സംവിധാനം, 24 മണിക്കൂറും പ്രവർത്തിക്കുന്ന ടോൾഫ്രീ കസ്റ്റമർ കെയർ, നവീകരിച്ച കൊറിയർ സംവിധാനം എന്നിവ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

സ്വാതന്ത്ര്യത്തിനു മുമ്പ് തിരുവിതാംകൂർ ആരംഭിച്ച കെഎസ്ആർടിസി നിരവധി പ്രതിസന്ധികൾ നേരിട്ടിട്ടുണ്ട്. സർക്കാരിന്റെ ശക്തമായ പിന്തുണയോടെയാണ് ഇന്ന് സ്ഥാപനത്തെ മുന്നോട്ടു കൊണ്ടുപോകുന്നതെന്ന് മന്ത്രി പറഞ്ഞു.

സാമ്പത്തിക പ്രതിസന്ധികൾ പരിഹരിക്കാൻ ധനകാര്യ വകുപ്പിന്റെ പിന്തുണ ലഭിക്കുന്നുണ്ടെന്നും ജീവനക്കാരുടെ ശമ്പളവും പെൻഷനും മുടങ്ങാതിരിക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഒന്നാം തീയതി തന്നെ ശമ്പളം വിതരണം ചെയ്യുന്ന സംവിധാനം തുടരുകയാണെന്നും വ്യക്തമാക്കി. സ്ത്രീകൾക്കായുള്ള പ്രിയദർശിനി പദ്ധതി കൂടുതൽ ജനകീയമാകുകയാണെന്നും പുതിയ എഐ അധിഷ്ഠിത വാട്സ്ആപ്പ് ടിക്കറ്റിങ് സംവിധാനത്തിലൂടെ യാത്രക്കാർക്ക് എളുപ്പത്തിൽ ടിക്കറ്റ് ബുക്ക് ചെയ്യാനാകും. 24 മണിക്കൂർ പ്രവർത്തിക്കുന്ന 149 എന്ന ടോൾഫ്രീ നമ്പറിലേക്ക് വിളിച്ച് പൊതുജനങ്ങൾക്ക് വേഗത്തിൽ വിവരങ്ങൾ അറിയാനും സാധിക്കും.

ജീവനക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനായി മികച്ച ഡ്രൈവർ, കണ്ടക്ടർ എന്നിവരെ എല്ലാ മാസവും തെരഞ്ഞെടുത്ത് ഡിപ്പോകളിൽ പ്രദർശിപ്പിക്കുന്ന പദ്ധതി നടപ്പാക്കുമെന്നും മന്ത്രി അറിയിച്ചു. ഇതിന്റെ ഭാഗമായി മികച്ച പ്രകടനം നടത്തിയ ജീവനക്കാരെ ഈ ചടങ്ങിൽ ആദരിക്കുകയാണ്.

കെഎസ്ആർടിസിയുടെ വികസനത്തിനും ജനപങ്കാളിത്തം വർധിപ്പിക്കുന്നതിനുമായി എംഎൽഎമാരുടെ നേതൃത്വത്തിൽ ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചു വരികയാണ്. മന്ത്രി കെ മുരളീധരൻ ഇത്തരമൊരു കമ്മിറ്റി രൂപീകരിച്ച് മാതൃക കാട്ടി. ജനകീയവൽക്കരണവും വികേന്ദ്രീകരണവും ലക്ഷ്യമിട്ട് കെഎസ്ആർടിസിയിൽ കൂടുതൽ പരിഷ്കാരങ്ങൾ നടപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.

ചടങ്ങിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച ജീവനക്കാർക്കും കെഎസ്ആർടിസി യൂണിറ്റുകൾക്കുമുള്ള സംസ്ഥാനതല അവാർഡുകൾ മന്ത്രി വിതരണം ചെയ്തു. 24 മണിക്കൂറും പ്രവർത്തിക്കുന്ന കെഎസ്ആർടിസിയുടെ ടോൾ ഫ്രീ കസ്റ്റമർ കെയർ സേവനമായ 149ന്റെയും നവീകരിച്ച കൊറിയർ സംവിധാനത്തിന്റെയും ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

ജനങ്ങൾക്കൊപ്പം നാടിന്റെ നന്മകൾക്കൊപ്പം എന്ന പുസ്തകത്തിന്റെ പ്രകാശനവും ചടങ്ങിൽ നടന്നു. 9447071021 എന്ന ഫോൺ നമ്പറിലൂടെ വാട്സ് ആപ്പ് ടിക്കറ്റ് ബുക്കിംഗ് സേവനം ലഭ്യമാകും.

ആരോഗ്യദേവസ്വം വകുപ്പ് മന്ത്രി കെ മുരളീധരൻ അധ്യക്ഷത വഹിച്ചു. കെഎസ്ആർടിസി സിഎംഡി ഡോ. പ്രമോജ് ശങ്കർ സ്വാഗതം ആശംസിച്ചു. വാർഡ് കൗൺസിലർ കെ ആർ ക്ലീറ്റസ്, കെഎസ്ആർടിസി ചീഫ് അക്കൗണ്ട്സ് ഓഫീസർ അജിത് കുമാർ എന്നിവർ സംസാരിച്ചു. ചടങ്ങിൽ വിവിധ ഉദ്യോഗസ്ഥരും ജീവനക്കാരും പങ്കെടുത്തു.

# ലാബ് ഓൺ വീൽസ് പദ്ധതിക്ക് തുടക്കം

**തിരുവനന്തപുരം:** ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ അഡിഷണൽ സ്കിൽ അക്യുസിഷൻ പ്രോഗ്രാം കേരള (അസാപ്) നടപ്പാക്കുന്ന 'ലാബ് ഓൺ വീൽസ്' പദ്ധതി തിരുവനന്തപുരം വനിതാ കോളേജിൽ മുഖ്യമന്ത്രി വി ഡി സതീശൻ ഫ്ളാഗ്ഓഫ് ചെയ്തു. കേരളത്തിലെ ആദ്യത്തെ മൊബൈൽ എക്സ്പീരിയൻഷ്യൽ ലേണിംഗ് ലബോറട്ടറിയായ ഈ സംരംഭം ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, കോഡിംഗ്, മൈക്രോകൺട്രോളറുകൾ, ഇലക്ട്രോണിക്സ്, ത്രീഡി ഡിസൈനിംഗ് തുടങ്ങിയ നൂതന സാങ്കേതികവിദ്യകളിൽ വിദ്യാർഥികൾക്ക് പ്രായോഗിക പരിശീലനം നൽകും.

നഗര, ഗ്രാമ, തീരദേശ, ആദിവാസി, മലനിര, മറ്റ് വിദൂര മേഖലകൾ ഉൾപ്പെടെ കേരളത്തിലെ സ്കൂളുകളിലും കോളേജുകളിലും ലാബ് ഓൺ വീൽസ് എത്തും. എല്ലാ വിദ്യാർഥികൾക്കും ഒരുപോലെ സാങ്കേതിക വിദ്യാഭ്യാസവും വ്യവസായ മേഖലയുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള പ്രായോഗിക പഠനാനുഭവവും ഉറപ്പാക്കുക, സാങ്കേതിക മേഖലയിലെ തൊഴിൽസാധ്യതകളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, സർക്കാർ, അക്കാദമിക് സ്ഥാപനങ്ങൾ, വ്യവസായ മേഖല എന്നിവ തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

സ്ഥാന സർക്കാരും അസാപ് കേരളയും ഇൻഫോസിസും സംയുക്തമായി നടപ്പാക്കുന്ന ഈ പദ്ധതി ആയിരക്കണക്കിന് വിദ്യാർഥികൾക്ക് നൂതന സാങ്കേതിക വിദ്യകളിലേക്കുള്ള സമതുലിതമായ പ്രവേശനം ഉറപ്പാക്കുകയും ഡിജിറ്റൽ നൈപുണ്യം, നവീന ചിന്ത, പ്രശ്നപരിഹാരശേഷി എന്നിവ വളർത്തുകയും ചെയ്യും. വിജ്ഞാനാധിഷ്ഠിതവും ആഗോളതലത്തിൽ മത്സരക്ഷമവുമായ ഭാവി തൊഴിൽശക്തിയെ വാർത്തെടുക്കാനുള്ള സംസ്ഥാനത്തിന്റെ ശ്രമങ്ങൾക്ക് കൂടുതൽ കരുത്തേകുന്ന പദ്ധതിയാണിത്.

ഗതാഗത വകുപ്പ് മന്ത്രി സി പി ജോൺ, അസാപ് കേരള ചീഫ് ഫിനാൻസ് ഓഫീസർ പ്രീതി ലിയാനോൾഡ്, അസാപ് കേരള ട്രെയിനിംഗ് വിഭാഗം മേധാവി ലൈജു ഐ പി, ഗവ. വനിതാ കോളേജ് പ്രിൻസിപ്പൽ ടി ചിത്ര, ഇൻഫോസിസ് പ്രതിനിധികളായ സുനിൽ ജോസ്, സന്തോഷ് ആനന്തപുര എന്നിവർ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഗ്രോബാഗിലെ കൃഷിക്ക് വൻ ഡിമാൻഡ്

വിഷരഹിതമായ പച്ചക്കറിയിലേക്ക് തിരിയുകയാണ് മലയാളികൾ. വ്യാപകമായി കൃഷി ചെയ്യണമെന്ന് ആഗ്രഹം ഉണ്ടെങ്കിലും പലർക്കും അതിന് ആവശ്യമായ സ്ഥലമോ സംവിധാനങ്ങളോ ഉണ്ടായെന്ന് വരില്ല. അത്തരക്കാർക്ക് ഏറെ ആശ്വാസമാണ് ഗ്രോബാഗിലെ കൃഷി. വീട്ടുമുറ്റത്തും ടെറസിലും മതിലിന് മുകളിലും വരെ കൃഷി ചെയ്യാനുള്ള അവസരമാണ് ഗ്രോബാഗ് നൽകുന്നത്. അധികം വെള്ളം ആവശ്യമില്ലാതെ ഗ്രോബാഗിലെ ചെടികൾ വളരുമെന്നതാണ് ഏറ്റവും വലിയ സവിശേഷത. ഏത് കാലാവസ്ഥയിലും വിളവെടുക്കാമെന്നതാണ് ഇതിലൂടെയുള്ള മെച്ചം. ഗ്രോബാഗിലെ കൃഷിയിൽ അൽപം ശ്രദ്ധിച്ചാൽ നല്ല വിളവെടുക്കാം. പ്രധാനമായും ഗ്രോബാഗിന് സൂര്യപ്രകാശം ഉറപ്പാക്കണം. ഗ്രോബാഗിന്റെ ബാഹ്യനിറം വെളുത്തത് ആയതിനാൽ സൂര്യപ്രകാശത്തെ ആഗിരണം ചെയ്യാൻ സഹായകമാണ്.

ഉൾവശത്തെ കറുപ്പ് നിറം ചെടിയുടെ വേരോട്ടത്തിനും സഹായിക്കും. 40 സെന്റിമീറ്റർ നീളവും 24 സെന്റിമീറ്റർ വീതിയും 24 സെന്റിമീറ്റർ ഉയരവുമുള്ള ഗ്രോബാഗാണ് പച്ചക്കറി കൃഷിക്ക് അനുയോജ്യം. വളക്കൂറുള്ള ചുവന്ന മണ്ണ്, മണലോ ഉമിക്കരിയോ, ചാണകപ്പൊടിയോ കമ്പോസ്റ്റ് ചേർത്ത് ഗ്രോബാഗിൽ നിറയ്ക്കാനുള്ള മണ്ണ് തയ്യാറാക്കാം. മണ്ണിന്റെ പുളിരസം മാറാനായി 100 ഗ്രാം കുമ്മായം ചേർത്ത് ഇളക്കാം. രോഗപ്രതിരോധത്തിനായി 50 ഗ്രാം ട്രൈക്കോഡെർമയും ചേർക്കാം. രണ്ടാഴ്ചയോളം തണലിൽ വച്ചതിന് ശേഷം വിത്ത് പാകാം. ഗ്രോബാഗിന്റെ മുക്കാൽ ഭാഗം മാത്രമേ നടീൽ മിശ്രിതം നിറയ്ക്കാവൂ. പച്ചക്കറി വിത്ത് ആറ് മണിക്കൂറോളം കുതിർത്തതിന് ശേഷം വേണം നടാൻ. ഒരു ഗ്രോബാഗിൽ മൂന്ന് വീതം വിത്ത് നടുന്നതിൽ തെറ്റില്ല.

ഓരോ തവണയും കൃഷിക്ക് ശേഷവും മണ്ണ് മുഴുവൻ മാറ്റി പുതിയ മിശ്രിതം ഉണ്ടാക്കി ഗ്രോബാഗ് നിറയ്ക്കണം. മിക്ക പച്ചക്കറികളും മൂന്ന് മുതൽ നാല് മാസം വരെ വിള ദൈർഘ്യമുള്ളവയാണ്. ഗ്രോബാഗിലാണെങ്കിലും വിത്തുകൾ ആഴത്തിൽ നടരുത്. തൈകളാണ് നടുന്നതെങ്കിലും ചെറിയ കുഴിയെടുക്കാൻ ശ്രദ്ധിക്കണം. നീർവാർച്ച ഉറപ്പാക്കാനായി തറനിരപ്പിൽനിന്ന് ഉയർത്തി വേണം ഗ്രോബാഗുകൾ വയ്ക്കാൻ. ആദ്യത്തെ രണ്ടാഴ്ച തണലിൽ വച്ച് രണ്ട് നേരം നനയ്ക്കണം. ചെറിയ തോതിൽ വെള്ളം ഒഴിച്ച് മാത്രമേ ഗ്രോബാഗ് നനയ്ക്കാവൂ. ഒരിക്കൽ നനച്ചാൽ ദിവസങ്ങളോളം ഈർപ്പം നിലനിർത്താൻ ഗ്രോബാഗിലെ മണ്ണിന് കഴിയുന്നു.

കരിയില, ചകിരി എന്നിവ കൊണ്ട് പുതയ്ക്കുന്നത് ചൂടിനെ പ്രതിരോധിക്കാനും കൂടുതൽ ദിവസം ഈർപ്പം നിലനിർത്താനും സഹായിക്കും. ചെടി വളരുന്നതിന് അനുസരിച്ച് കമ്പുകൾ വച്ച് താങ്ങ് കൊടുക്കുന്നത് നന്നായിരിക്കും. ഒരു കിലോ ചാണകം പത്ത് ലിറ്റർ വെള്ളത്തിൽ കലക്കി ലായനിയുടെ തെളി ആഴ്ചയിലൊരിക്കൽ തളിച്ചുകൊടുത്താൽ വളർച്ച കൂട്ടാം. കാന്താരി മുളക് ഗോമൂത്ര മിശ്രിതം നേർപ്പിച്ച് ആഴ്ചയിലൊരിക്കൽ തളിക്കുന്നത് കീടങ്ങളെ അകറ്റും. കുമിൾ രോഗങ്ങളിൽ നിന്ന് ചെടിയെ രക്ഷിക്കാനായി രണ്ടാഴ്ചയിലൊരിക്കൽ സ്യൂഡോമോണസ് ലായനി ചുവട്ടിൽ ഒഴിച്ചുകൊടുക്കാം. പറിച്ചുനടുന്ന തൈകൾ ഈ ലായനിയിൽ മുക്കി വച്ചതിന് ശേഷം നട്ടാൽ രോഗങ്ങളിൽ നിന്ന് സംരക്ഷിക്കാം.





# ഓണപ്പൂക്കളം ലക്ഷ്യമിട്ട് 50 ഹെക്ടറിൽ കൃഷിവകുപ്പിന്റെ ബന്ദിക്കൃഷി

ഓണത്തിനു പൂക്കളമൊരുക്കാൻ ബന്ദിക്കൃഷിയുമായി കൃഷിവകുപ്പ്. ജില്ലയിൽ 50 ഹെക്ടറിലാണ് കൃഷിവകുപ്പിന്റെ ബന്ദിക്കൃഷി. ജില്ലയിലെ 11 ബ്ലോക്കുകളിലും കൃഷിയുണ്ട്. കൊട്ടാരക്കര ബ്ലോക്കിലാണ് ഏറ്റവും കൂടുതൽ ഒൻപത് ഹെക്ടർ. അഞ്ചൽ, പുനലൂർ ബ്ലോക്കുകളിൽ എട്ട് ഹെക്ടർ വീതമാണ് ബന്ദിക്കൃഷി. വെട്ടിക്കവല, ചിതറ ബ്ലോക്കുകളിൽ അഞ്ചുവീതവും ശാസ്താംകോട്ട ബ്ലോക്കിൽ 4.5 ഹെക്ടറിലും കൃഷിയുണ്ട്. ചവറ, ചാത്തന്നൂർ ബ്ലോക്കുകളിൽ മൂന്ന് ഹെക്ടറും കുണ്ടറ ബ്ലോക്കിൽ 2.5 ഹെക്ടറും ഇരവിപുരം, ചടയമംഗലം ബ്ലോക്കുകളിൽ ഒരു ഹെക്ടറിലുമാണ് കൃഷി. കൊട്ടാരക്കര ബ്ലോക്കിൽ എഴുകോൺ, വെട്ടിക്കവല പഞ്ചായത്തുകളുടെ നേതൃത്വത്തിലും കൃഷിയുണ്ട്.

ഓണപ്പൂക്കളങ്ങൾ മാത്രം ലക്ഷ്യം വെച്ചുള്ളതാണ് കൃഷി. കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ഒരു ഹെക്ടറിന് 20,000 രൂപ വരെയാണ് സബ്സിഡി നൽകുക. തൈ ഒന്നിന് മൂന്നുരൂപ വിലയിൽ കർഷകർക്കു നൽകും. വളർച്ച കൂടിയ തൈകൾക്ക് അഞ്ചുരൂപവരെ വിലയുണ്ട്. മഞ്ഞ, ഓറഞ്ച് നിറങ്ങളിൽ പൂക്കളുണ്ടാകുന്ന ചെടികളാണ് നട്ടിരിക്കുന്നത്. വെള്ള നിറത്തിലെ പൂവിന്റെ കൃഷി വളരെ കുറച്ചു മാത്രാണ്. ജൂൺ അവസാനത്തോടെയാണ് വ്യക്തികൾക്കും ഗ്രൂപ്പുകൾക്കുമെല്ലാം തൈകൾ നൽകിയത്.

കൃഷിവകുപ്പിനു പുറമേ പഞ്ചായത്ത് പദ്ധതികളുടെ അടിസ്ഥാനത്തിലും കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ നേതൃത്വത്തിലും ചിലയിടങ്ങളിൽ കൃഷിചെയ്യുന്നുണ്ട്. രണ്ടാഴ്ചയ്ക്കുള്ളിൽ പൂക്കൾ പറിക്കാൻ പാകമാകും. ബന്ദിപ്പൂവ് മാത്രമാണ് ഇത്രയേറെ അളവിൽ കൃഷിചെയ്യുന്നത്. വാടാമുല്ല, കുറ്റിമുല്ല തുടങ്ങിയവ കൃഷിചെയ്യുന്നത് കർഷകർക്ക് കൂടുതൽ അധ്വാനവും പണച്ചെലവുമാണ്. തൈകൾക്കും വില കൂടും.

ഓണവിപണി മാത്രം മുന്നിൽക്കണ്ടാണ് കൃഷിയെന്ന് കർഷകർ പറയുന്നു. വ്യാപാരസ്ഥാപനങ്ങളിൽ ദിവസവും കൊടുക്കാനുള്ളയത്ര പൂവ് ഉണ്ടാകില്ല. വിളവെടുക്കുമ്പോൾ കൃഷിയിടത്തിൽനിന്നുതന്നെയാകും വിൽപ്പന. തദ്ദേശസ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന ഓണച്ചന്തകൾ വഴിയും വിറ്റഴിക്കും.

ക്ഷേത്രങ്ങളിലേക്കും മറ്റ് ആവശ്യങ്ങൾക്കുമായി ജില്ലയിലെ വ്യാപാര സ്ഥാപനങ്ങളിൽ തമിഴ്നാട്ടിൽനിന്നുള്ള പൂക്കളാണ് എത്തുന്നത്. തമിഴ്നാട്ടിൽനിന്നുള്ള പൂക്കൾ സ്ഥിരമായി വരുന്നതുകൊണ്ടുതന്നെ ഇവിടത്തെ കർഷകരിൽനിന്ന് ചെറിയ കാലയളവിൽപ്പോലും വാങ്ങാൻ മിക്ക വ്യാപാരികളും തയ്യാറാകുന്നില്ല. വർഷം മുഴുവൻ ബന്ദിക്കൃഷി ചെയ്യാനും കഴിയില്ല.

# കേര സ്മാർട്ട് പദ്ധതി: കാർഷിക സംരംഭകർക്ക് ഒന്നരക്കോടി വരെ ഗ്രാന്റ്

**തിരുവനന്തപുരം:** കേരളത്തിലെ കാർഷികഭക്ഷ്യ സംസ്കരണ മേഖലയെ കൂടുതൽ മത്സരക്ഷമമാക്കാനും ആധുനികവൽക്കരിക്കാനുമായി ലോകബാങ്കിന്റെ സഹകരണത്തോടെ കൃഷിവകുപ്പ് നടപ്പിലാക്കുന്ന 'കേര സ്മാർട്ട്' പദ്ധതിക്ക് ഔദ്യോഗിക തുടക്കമായി. മുഖ്യമന്ത്രിയുടെ ചേമ്പറിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി വി. ഡി. സതീശൻ പദ്ധതിയുടെ ലോഗോ പ്രകാശനം ചെയ്തു. സംസ്ഥാനത്തെ അഗ്രിഫുഡ് രംഗത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ ആധുനിക സാങ്കേതികവിദ്യ, ഹരിത വികസനം, വിപണി വികസനം എന്നിവയിലൂടെ പുതിയ വളർച്ചയിലേക്ക് നയിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി.

കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവും സംസ്കരണശേഷിയും വർദ്ധിപ്പിക്കാനായി തിരഞ്ഞെടുക്കപ്പെടുന്ന ഒരു സംരംഭത്തിന് പരമാവധി ഒന്നരക്കോടി രൂപ വരെ ഗ്രാന്റ് ലഭ്യമാക്കും. കുറഞ്ഞത് മൂന്ന് വർഷമായി കേരളത്തിൽ പ്രവർത്തിക്കുന്നതും മികച്ച വികസന സാധ്യതയുള്ളതുമായ എം.എസ്.എം.ഇ. യൂണിറ്റുകൾക്കാണ് ഈ ആനുകൂല്യം ലഭിക്കുക. ഉത്പാദന, സേവന രംഗത്ത് പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് പുറമെ, യന്ത്രസാമഗ്രികളിൽ 50 ലക്ഷം രൂപയിലധികം നിക്ഷേപമുള്ള മൈക്രോ യൂണിറ്റുകളെയും പദ്ധതിയുടെ ഭാഗമായി പരിഗണിക്കുന്നതാണ്.

സംരംഭങ്ങളുടെ വികസന ആവശ്യങ്ങൾക്കനുസരിച്ച് വിവിധ വിഭാഗങ്ങളിലായാണ് ധനസഹായം വിഭജിച്ചിരിക്കുന്നത്. സംഭരണശാലകൾ, പ്രാഥമിക സംസ്കരണ യൂണിറ്റുകൾ, സോളാർ പാനലുകൾ, മാലിന്യ സംസ്കരണ സംവിധാനങ്ങൾ തുടങ്ങിയ ഹരിത നിക്ഷേപങ്ങൾക്ക് പദ്ധതി ചെലവിന്റെ 80 ശതമാനം വരെ ഗ്രാന്റ് ലഭിക്കും. കൂടാതെ, ദേശീയഅന്തർദേശീയ നിലവാരത്തിലുള്ള സർട്ടിഫിക്കേഷനുകൾ, ബ്രാൻഡിങ്, വിപണി വികസനം എന്നിവയ്ക്കും 80 ശതമാനം ധനസഹായം അനുവദിക്കും. നൈപുണ്യ പരിശീലനങ്ങൾക്ക് 60 ശതമാനവും അടിസ്ഥാന സൗകര്യ വികസനത്തിന് 40 ശതമാനവുമാണ് ഗ്രാന്റ് അനുവദിക്കുക.

കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിലൂടെ കർഷകർക്ക് മികച്ച വിലയും വിപണിയും ഉറപ്പാക്കാൻ ഈ പദ്ധതി സഹായിക്കും. താൽപ്പര്യമുള്ള സംരംഭകർക്ക് ാമൃസേല്യമ.സല്യമഹമ.ഴീ.ശി/ാാല എന്ന ഔദ്യോഗിക പോർട്ടൽ വഴി ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് വഴുതക്കാടുള്ള കേരയുടെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുമായോ കോട്ടയം, തൃശൂർ, കണ്ണൂർ എന്നിവിടങ്ങളിലെ റീജണൽ ഓഫീസുകളുമായോ ബന്ധപ്പെടാവുന്നതാണെന്ന് അധികൃതർ അറിയിച്ചു.

# സംസ്ഥാന പോലീസിൽ ചരിത്രപരമായ മാറ്റവുമായി മൈ പോലീസ് സ്റ്റേഷൻ പദ്ധതി ആഗസ്റ്റ് 15 മുതൽ

**തിരുവനന്തപുരം:** ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്ന ജനാധിപത്യ പോലീസിങ് ലക്ഷ്യമിട്ട് സംസ്ഥാനത്തെ പോലീസ് സംവിധാനത്തിലും സ്റ്റേഷനുകളിലും സമഗ്ര മാറ്റം വരുത്തുന്ന 'മൈ പോലീസ് സ്റ്റേഷൻ' പദ്ധതിക്ക് ആഗസ്റ്റ് 15 മുതൽ തുടക്കം. പോലീസിനെ ജനങ്ങളുടെ സ്വന്തം സംവിധാനമാക്കി മാറ്റുന്ന ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളുടെ മുഖഛായ മാറുമെന്നും ഇത് ചരിത്രപരമായ മാറ്റമാണെന്നും ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല സെക്രട്ടേറിയറ്റ് പി ആർ ചേംബറിൽ നടത്തിയ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

പദ്ധതിയോടനുബന്ധിച്ച്, മുൻപ് സർക്കിൾ ഇൻസ്പെക്ടർമാർ വഹിച്ചിരുന്ന സ്റ്റേഷൻ ഹൗസ് ഓഫീസർ (എസ്എച്ച്ഒ) ചുമതല ഇനി മുതൽ സബ് ഇൻസ്പെക്ടർമാർക്ക് (എസ്ഐ) നൽകും. നേരിട്ട് ജോലിയിൽ പ്രവേശിക്കുന്ന യുവതീയുവാക്കളായ എസ്ഐമാർക്ക് പുതിയ ചുമതലകൾ ലഭിക്കുന്നത് അവരുടെ കാര്യക്ഷമതയും തീരുമാനമെടുക്കാനുള്ള ശേഷിയും കൂടുതൽ ശക്തമാക്കും. സംസ്ഥാനത്തെ 484 ലോ ആൻഡ് ഓർഡർ പൊലീസ് സ്റ്റേഷനുകളിൽ 419 എണ്ണത്തിലാണ് സബ് ഇൻസ്പെക്ടർമാരെ എസ്എച്ച്ഒ മാരായി നിയമിക്കുന്നത്. അതേസമയം സിറ്റികളിലേതുൾപ്പെടെ മറ്റു പ്രാധാനപ്പെട്ട 64 സ്റ്റേഷനുകളിൽ സർക്കിൾ ഇൻസ്പെക്ടർമാർ തന്നെ എസ്എച്ച്ഒ മാരായി തുടരുമെന്ന് മന്ത്രി പറഞ്ഞു.

63 പൊലീസ് സ്റ്റേഷനുകളിൽ വനിതാ സബ് ഇൻസ്പെക്ടർമാരാണ് എസ്എച്ച്ഒ മാരാകാൻ പോകുന്നത് എന്നത് സവിശേഷമായ നേട്ടമാണ്. മുല്ലപ്പെരിയാറിന്റെ തന്ത്രപ്രധാനമായ പശ്ചാത്തലം കണക്കിലെടുത്ത് അവിടുത്തെ എസ്എച്ച്ഒ ചുമതല ഡി.വൈ.എസ്.പി. യ്ക്ക് ആയിരിക്കും. എസ്ഐ മാർക്ക് മാർഗനിർദേശം നൽകാനും പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും സർക്കിൾ ഇൻസ്പെക്ടർമാരുടെ കീഴിൽ 200 പൊലീസ് സർക്കിളുകൾ രൂപീകരിക്കും. സ്റ്റേഷനുകളിൽ എത്തുന്ന ഓരോ വ്യക്തിയുടെയും അന്തസ്സ് മാനിച്ചുകൊണ്ട് സമയബന്ധിതമായി സേവനം നൽകി പൗരന്റെ സംതൃപ്തി ഉറപ്പുവരുത്തുന്നതിനാണ് പദ്ധതി ഊന്നൽ നൽകുന്നത്. കസ്റ്റഡി മരണങ്ങളും കസ്റ്റഡി മർദ്ദനങ്ങളും പൂർണമായി ഇല്ലാതാക്കും.



പുതിയ എസ്എച്ച്ഒ മാർക്കും സ്റ്റേഷനുകളിലെ എല്ലാ ഉദ്യോഗസ്ഥർക്കും ഘട്ടംഘട്ടമായി ഓറിയന്റേഷൻ പരിശീലനം നൽകും. സർക്കിൾ ഇൻസ്പെക്ടർമാർ മുതൽ മുകളിലേക്കുള്ള സൂപ്പർവൈസറി ഉദ്യോഗസ്ഥർക്കും ഡിവൈ.എസ്.പി മാർക്കും പ്രത്യേക പരിശീലനം നൽകും. കീഴുദ്യോഗസ്ഥരോടും പൗരന്മാരോടും നല്ല ബന്ധം പുലർത്താനും അനാവശ്യ സമ്മർദം മൂലമുള്ള ആത്മഹത്യകൾ ഒഴിവാക്കാനും സൂപ്പർവൈസറി ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതുണ്ട്. ലോൺ ആപ്പ് തട്ടിപ്പുകൾ ഉൾപ്പെടെയുള്ള സൈബർ കുറ്റകൃത്യങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ സാങ്കേതിക മാറ്റങ്ങൾ പഠിക്കുകയും ഐജി സൈബർ സെക്യൂരിറ്റിയുടെ നേതൃത്വത്തിലുള്ള സംവിധാനം പ്രയോജനപ്പെടുത്തുകയും ചെയ്യും.

സംസ്ഥാനത്ത് 20 വർഷമായി നിലനിൽക്കുന്ന 'ജനമൈത്രി സുരക്ഷാ പദ്ധതി' കൂടുതൽ കാര്യക്ഷമമാക്കും. പദ്ധതിയുടെ ഭാഗമായി റേഞ്ച് ഡിഐജി മാർ തങ്ങളുടെ പരിധിയിലുള്ള സ്റ്റേഷനുകളിൽ നിന്ന് സ്വതന്ത്രമായി ഫീഡ്ബാക്ക് ശേഖരിച്ച് മാസം തോറും വിലയിരുത്തലുകൾ നടത്തും. സംസ്ഥാന പോലീസ് മേധാവിയുടെ മേൽനോട്ടത്തിൽ എഡിജിപി (ലോ ആൻഡ് ഓർഡർ) ആയിരിക്കും 'മൈ പോലീസ് സ്റ്റേഷൻ' കോഓർഡിനേറ്റർ. പദ്ധതിയുടെ പ്രതിമാസ പ്രോഗ്രസ് റിപ്പോർട്ട് സംസ്ഥാന പോലീസ് മേധാവി സർക്കാരിന് സമർപ്പിക്കും. സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും നവീകരണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പദ്ധതിയുടെ ഭാഗമായി എല്ലാ പോലീസ് സ്റ്റേഷനുകളിലും ഒരേ നിറത്തിലുള്ള പെയിന്റടിക്കും. ഒക്ടോബർ 2 ഓടുകൂടി മന്ത്രി ഓഫീസും ഹൈടെക്കാക്കുമെന്നും മന്ത്രി വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി.

വാർത്താസമ്മേളനത്തിൽ സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്രശേഖറും ആഭ്യന്തര മന്ത്രിയുടെ ഉപദേഷ്ടാവായ മുൻ ഡിജിപി എ ഹേമചന്ദ്രനും സന്നിഹിതരായിരുന്നു.

## അഗ്രിഫുഡ് ചെറുകിട സൂക്ഷ്മ സംരംഭങ്ങളെ ശക്തിപ്പെടുത്താൻ സ്മാർട്ട് പദ്ധതിയുമായി കേര

**തിരുവനന്തപുരം:** കേരളത്തിലെ കാർഷികഭക്ഷ്യ സംസ്കരണ മേഖലയെ കൂടുതൽ മത്സരക്ഷമവുമാക്കി മാറ്റുന്നതിനുള്ള മറ്റൊരു സുപ്രധാന ചുവടുവയ്പ്പായി ലോകബാങ്കിന്റെ സഹകരണത്തോടെ കൃഷിവകുപ്പ് നടപ്പിലാക്കുന്ന കേര (കേരള ക്ലൈമറ്റ് റേസിലിയൻറ് അഗ്രി വാല്യൂ ചെയിൻ മോഡേണൈസേഷൻ) പ്രൊജക്ടിന്റെ ഭാഗമായി 'സ്മാർട്ട്' പദ്ധതിക്ക് ഔദ്യോഗിക തുടക്കമായി. മുഖ്യമന്ത്രിയുടെ ചേമ്പറിൽ നടന്ന ചടങ്ങിൽ KERA SMART പദ്ധതിയുടെ ലോഗോ മുഖ്യമന്ത്രി വി. ഡി. സതീശൻ പ്രകാശനം ചെയ്തു. സംസ്ഥാനത്തെ അഗ്രിഫുഡ് രംഗത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ ആധുനിക സാങ്കേതികവിദ്യ, ഹരിത വികസനം, വിപണി വികസനം, മൂല്യവർദ്ധിത ഉൽപ്പാദനം എന്നിവയിലൂടെ പുതിയ വളർച്ചയിലേക്ക് നയിക്കുന്ന പദ്ധതിയായിരിക്കും 'കേര സ്മാർട്ട്' എന്ന് മുഖ്യമന്ത്രി പറഞ്ഞു.

കേരളത്തിലെ കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർധനവും സംസ്കരണ ശേഷിയും വർധിപ്പിക്കുന്നതിനൊപ്പം കർഷകർക്കും സംരംഭകർക്കും ഒരുപോലെ പ്രയോജനം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. കാർഷികോൽപ്പന്നങ്ങൾ ആധുനിക രീതിയിൽ സംസ്കരിച്ച് ആഭ്യന്തരകയറ്റുമതി വിപണികളിലേക്ക് എത്തിക്കാൻ ശേഷിയുള്ള അഗ്രിഫുഡ് എം.എസ്.എം.ഇ.കളെ സാമ്പത്തികമായും സാങ്കേതികമായും ശാക്തീകരിക്കുന്നതിനായി ഒരു സംരംഭത്തിന് പരമാവധി ഒന്നരക്കോടി രൂപ വരെ ഗ്രാന്റ് ലഭ്യമാക്കും. കുറഞ്ഞത് മൂന്ന് വർഷമായി കേരളത്തിൽ പ്രവർത്തിക്കുന്നതും മികച്ച വികസന സാധ്യതയുള്ളതുമായ എം.എസ്.എം.ഇ. യൂണിറ്റുകൾക്കാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. ഉത്പാദന, സേവന രംഗത്ത് പ്രവർത്തിക്കുന്ന ചെറുകിട ഇടത്തരം യൂണിറ്റുകളെയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സംരംഭങ്ങളുടെ വികസന ആവശ്യങ്ങൾ പരിഗണിച്ച് വിവിധ വിഭാഗങ്ങളിലായാണ് ധനസഹായം അനുവദിക്കുന്നത്. സംഭരണ ശാലകൾ, പ്രാഥമിക സംസ്കരണ യൂണിറ്റുകൾ, സോളാർ പാനലുകൾ, മാലിന്യ സംസ്കരണ സംവിധാനങ്ങൾ, ഊർജക്ഷമ സാങ്കേതികവിദ്യകൾ തുടങ്ങിയ ഹരിത നിക്ഷേപങ്ങൾക്ക് പദ്ധതി ചെലവിന്റെ 80 ശതമാനം വരെ ഗ്രാന്റ് ലഭിക്കും. ദേശീയഅന്തർദേശീയ നിലവാരത്തിലുള്ള സർട്ടിഫിക്കേഷനുകൾ, ബ്രാൻഡിംഗ്, വിപണി വികസനം, ട്രേഡ് ഫെയറുകൾ, എക്സ്പോകൾ എന്നിവയ്ക്കും 80 ശതമാനം വരെ ധനസഹായം അനുവദിക്കും. പുതിയ സാങ്കേതിക വിദ്യകൾ, ഗുണനിലവാര നിയന്ത്രണം, കയറ്റുമതി എന്നിവയുമായി ബന്ധപ്പെട്ട നൈപുണ്യ പരിശീലനങ്ങൾക്ക് 60 ശതമാനവും അടിസ്ഥാന സൗകര്യ വികസനത്തിന് 40 ശതമാനവും ഗ്രാന്റ് ലഭിക്കും.

വിപണി അവസരങ്ങളും മികച്ച വിലയും ഉറപ്പാക്കുന്നതിനൊപ്പം സംസ്ഥാനത്തെ അഗ്രിഫുഡ് വ്യവസായ മേഖലയെ കൂടുതൽ സുസ്ഥിരവും ആധുനികവുമാക്കുന്നതിനുള്ള നിർണായക ഇടപെടലായിരിക്കും ടങഅഞഠ പദ്ധതി. പദ്ധതിയുടെ വിശദമായ മാർഗ്ഗനിർദ്ദേശങ്ങളും വിവരങ്ങളും smartkera.kerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്. ഇതിനായി സജ്ജമാക്കിയിട്ടുള്ള ഔദ്യോഗിക അഗ്രി എം.എസ്.എം.ഇ. പോർട്ടലായ smartkera.kerala.gov.in/msme വഴി സംരംഭകർക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കാം.

# ബാലസംരക്ഷണ സംവിധാനങ്ങൾ ഏകോപിപ്പിക്കാൻ ഡാഷ്ബോർഡ്; സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ പുതിയ ഡിജിറ്റൽ സംരംഭം

**തിരുവനന്തപുരം:** ജില്ലാതല ബാലസംരക്ഷണ സംവിധാനങ്ങളിൽ നിന്നുള്ള വിവരങ്ങൾ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ തയ്യാറാക്കിയ ഏകീകൃത ഡിജിറ്റൽ ഡാഷ്ബോർഡ് വനിതാശിശു വികസന വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണ ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരത്ത് മന്ത്രിയുടെ ചേംബറിൽ നടന്ന ചടങ്ങിലായിരുന്നു ഉദ്ഘാടനം.



കമ്മീഷന്റെ നേതൃത്വത്തിൽ ജില്ലകളിൽ നിന്ന് പ്രതിമാസാടിസ്ഥാനത്തിൽ ശേഖരിക്കുന്ന വിവരങ്ങൾ സംയോജിപ്പിച്ചാണ് ഡാഷ്ബോർഡ് തയ്യാറാക്കുന്നത്. സംസ്ഥാനത്തെ കുട്ടികളുടെ സംരക്ഷണം, ബാലനീതി നിയമം, പോക്സോ കേസുകൾ, കുട്ടികളുടെ അവകാശ സംരക്ഷണം, പുനരധിവാസം, നിയമസഹായം, കേസുകളുടെ പുരോഗതി തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ഇതിലൂടെ ഏകോപിപ്പിച്ച് വിശകലനം ചെയ്യാനാകും.

ഇതുവരെ വിവിധ ജില്ലകളിൽ നിന്നുള്ള വിവരങ്ങൾ ഒരൊറ്റ ഡിജിറ്റൽ സംവിധാനത്തിൽ ലഭ്യമല്ലാത്തതിനാൽ സംസ്ഥാനതല അവലോകനത്തിനും നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും ബുദ്ധിമുട്ട് നേരിട്ടിരുന്നു. പുതിയ ഡാഷ്ബോർഡ് ഈ പരിമിതി പരിഹരിച്ച് ബാലസംരക്ഷണ സംവിധാനങ്ങളുടെ പ്രവർത്തനം തത്സമയം വിലയിരുത്തുന്നതിനും ജില്ലകളിൽ നിന്നുള്ള വിവരങ്ങൾ ഏകീകൃത രൂപത്തിൽ ലഭ്യമാക്കുന്നതിനും സഹായകമാകും. വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തുന്നതിനും റിപ്പോർട്ടുകളും വിശകലനങ്ങളും എളുപ്പത്തിൽ തയ്യാറാക്കുന്നതിനും ഇത് ഉപകരിക്കും.

ചടങ്ങിൽ സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 2025 26 വാർഷിക റിപ്പോർട്ട് കമ്മീഷൻ ചെയർപേഴ്സൺ കെ വി മനോജ് കുമാർ മന്ത്രി ബിന്ദു കൃഷ്ണയ്ക്ക് കൈമാറി.

ബാലാവകാശ കോൺക്ലേവ് റിപ്പോർട്ടും ശിപാർശകളും, ഭിന്നശേഷി കുട്ടികളുടെ ക്ഷേമം, സംരക്ഷണം , ശിപാർശകൾ' എന്നീ പ്രസിദ്ധീകരണങ്ങളും മന്ത്രി പ്രകാശനം ചെയ്തു.

കമ്മീഷൻ ചെയർപേഴ്സൺ കെ വി മനോജ് കുമാർ, അംഗങ്ങളായ ബി മോഹൻ കുമാർ, ഡോ. എഫ് വിൽസൺ, ടി സി ജലജമോൾ, കെ കെ ഷാജു, രജിസ്ട്രാർ ടി പി കോമളവല്ലി എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# ക്രെഡായ് കൊച്ചി പ്രോപ്പർട്ടി എക്സ്പോയുടെ 37ാം എഡിഷൻ ഇന്നുമുതൽ

**കൊച്ചി:** കൊച്ചിയിലെ ഏറ്റവും വലിയ പ്രോപ്പർട്ടി എക്സിബിഷൻ ഓഗസ്റ്റ് 8, 9 തീയതികളിൽ കലൂർ ജെ.എൽ.എൻ സ്റ്റേഡിയത്തിൽ നടക്കും. റെറ രജിസ്റ്റർ ചെയ്ത വില്ലകൾ, അപ്പാർട്ട്മെന്റുകൾ, കൊമേഴ്സ്യൽ സ്പേസുകൾ എന്നിവയ്ക്കൊപ്പം എച്ച്.ഡി.എഫ്.സി ബാങ്ക്, എസ്.ബി.ഐ , യൂക്കോ ബാങ്ക് എന്നിവയുടെ ഹോം ലോൺ സൗകര്യങ്ങളും എക്സ്പോയിൽ ലഭ്യമാകും.

കോൺഫെഡറേഷൻ ഓഫ് റിയൽ എസ്റ്റേറ്റ് ഡെവലപ്പേഴ്സ് അസോസിയേഷൻസ് ഓഫ് ഇന്ത്യയുടെ കൊച്ചി ചാപ്റ്റർ സംഘടിപ്പിക്കുന്ന 37മത് പ്രോപ്പർട്ടി എക്സ്പോയ്ക്ക് 2026 ഓഗസ്റ്റ് 8, 9 തീയതികളിൽ കലൂർ ജെ. എൽ. എൻ. സ്റ്റേഡിയം വേദിയാകും. നഗരത്തിലെ ഏറ്റവും മികച്ച ഇരുപതിലേറെ ബിൽഡർമാരെയും നൂറിലധികം പ്രീമിയം പ്രോജക്റ്റുകളെയും ഒരൊറ്റ കുടക്കീഴിൽ അണിനിരത്തുന്നതാണ് എക്സ്പോ.

രാവിലെ 10 മുതൽ രാത്രി 8 വരെയാണ് പ്രദർശനം. പ്രവേശനം തികച്ചും സൗജന്യമാണ്. വ്യത്യസ്ത ബഡ്ജറ്റുകൾക്ക് അനുയോജ്യമായ വില്ലകൾ, അപ്പാർട്ട്മെന്റുകൾ, കൊമേഴ്സ്യൽ സ്പേസുകൾ എന്നിവ പ്രദർശനത്തിലുണ്ടാകും. കൊച്ചിയിലെ പ്രമുഖ ഡെവലപ്പർമാരുടെ പ്രോജക്റ്റുകൾ നേരിൽ കണ്ട് വിലയിരുത്താനും താരതമ്യം ചെയ്യാനും ഒറ്റ സന്ദർശനത്തിലൂടെ ഉപഭോക്താക്കൾക്ക് സാധിക്കും. എക്സ്പോയിലുള്ള എല്ലാ പ്രോജക്റ്റുകളും 100% റെറ രജിസ്റ്റർ ചെയ്തവയായതിനാൽ, നിയമപരമായ സുരക്ഷിതത്വവും ബിൽഡർമാരുടെ വിശ്വസ്തതയും ഉപഭോക്താക്കൾക്ക് ഉറപ്പാക്കുന്നു.

ഓഗസ്റ്റ് 8ന് രാവിലെ 11 മണിക്ക് ജെ.എൽ.എൻ സ്റ്റേഡിയത്തിൽ നടക്കുന്ന ചടങ്ങിൽ കൊച്ചി മേയർ അഡ്വ. മിനിമോൾ വി.കെ. എക്സ്പോ ഉദ്ഘാടനം ചെയ്യും. എച്ച്.ഡി.എഫ്.സി ബാങ്ക് (പ്രിഫേർഡ് ബാങ്കിംഗ് പാർട്ണർ), ഹാൻസ്ഗ്രോ എന്നിവരാണ് എക്സ്പോയ്ക്ക് പിന്തുണയേകുന്നത്.

എച്ച്.ഡി.എഫ്.സി ബാങ്കിന്റെ പ്രത്യേക സ്റ്റാൾ വേദിയിലുണ്ടാകും. സന്ദർശകർക്ക് ഹോം ലോൺ ഓപ്ഷനുകളും ലോൺ യോഗ്യതയും ഇവിടെ നേരിട്ട് പരിശോധിക്കാവുന്നതാണ്.

കൊച്ചിയുടെ വളർച്ചയിലെ ഏറ്റവും നിർണായകമായ ഒരു ഘട്ടത്തിലാണ് ഈ എക്സ്പോ നടക്കുന്നതെന്ന് ക്രെഡായ് കൊച്ചി ചൂണ്ടിക്കാട്ടുന്നു. വളർച്ചയുടെയും നൂതനത്വത്തിന്റെയും നഗരാവസരങ്ങളുടെയും പുതിയൊരു യുഗത്തിലേക്ക് കടക്കുകയാണ് നഗരം. അടിസ്ഥാന സൗകര്യങ്ങൾ, സാങ്കേതികവിദ്യ, യാത്രാസൗകര്യങ്ങൾ എന്നിവയിലുണ്ടായ അതിവേഗമുള്ള മുന്നേറ്റം കൊച്ചിയെ ഇന്ത്യയിലെ തന്നെ മികച്ച 'ഫ്യൂച്ചർറെഡി' ലക്ഷ്യസ്ഥാനങ്ങളിലൊന്നാക്കി മാറ്റുന്നു.

ഇന്ത്യയിലെ ആദ്യത്തെ എ.ഐ നേറ്റീവ് നഗരമാകാനുള്ള തയ്യാറെടുപ്പിലാണ് കൊച്ചി. തൊഴിൽ, ജീവിതം, സുസ്ഥിരത എന്നിവയെല്ലാം പരസ്പരം ബന്ധിപ്പിക്കുന്ന സ്മാർട്ട് ടൗൺഷിപ്പ് മാതൃകയിലുള്ള ഇൻഫോപാർക്ക് ഫേസ് കകക ഈ മാറ്റത്തിൽ നിർണായക പങ്കുവഹിക്കും. കൊച്ചിയുടെ നിലവിലെ അടിസ്ഥാന സൗകര്യങ്ങളും ഇതേപോലെ തന്നെ ശ്രദ്ധേയമാണ്. ലോകത്തിലെ ആദ്യത്തെ സമ്പൂർണ്ണ സൗരോർജ്ജ വിമാനത്താവളമെന്ന ഖ്യാതി കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം നിലനിർത്തുമ്പോൾ, നഗരത്തിലും സമീപ ദ്വീപുകളിലുമുള്ള സുസ്ഥിര ഗതാഗത സംവിധാനങ്ങൾ വിപുലീകരിക്കുകയാണ് കൊച്ചി വാട്ടർ മെട്രോ. ദീർഘകാല പുരോഗതി ലക്ഷ്യമാക്കി നിർമ്മിക്കപ്പെട്ട ഒരു നഗരമെന്ന കൊച്ചിയുടെ വർദ്ധിച്ചുവരുന്ന പ്രശസ്തിയെയാണ് ഈ മുന്നേറ്റങ്ങൾ പ്രതിഫലിപ്പിക്കുന്നത്.

ആദ്യമായി ഒരു ചെറിയ വീട് വാങ്ങാൻ ആഗ്രഹിക്കുന്നവർ മുതൽ പ്രീമിയം വില്ലകളും കൊമേഴ്സ്യൽ സ്പേസുകളും അന്വേഷിക്കുന്നവർക്ക് വരെ അനുയോജ്യമായ രീതിയിലാണ് ഈ വർഷത്തെ എക്സ്പോ ക്രെഡായ് ഒരുക്കിയിരിക്കുന്നത്. റെറ രജിസ്റ്റർ ചെയ്ത പ്രോജക്റ്റുകളുടെ പ്രദർശനവും വേദിയിൽ വെച്ചു തന്നെയുള്ള ഫിനാൻസിങ് പിന്തുണയും ലഭ്യമാക്കുന്നതിലൂടെ, കേരളത്തിലെ ഏറ്റവും സുതാര്യവും സൗകര്യപ്രദവുമായ പ്രോപ്പർട്ടി പർച്ചേസിങ് അനുഭവം ഉപഭോക്താക്കൾക്ക് നൽകാനാണ് സംഘടന ലക്ഷ്യമിടുന്നത്.

എല്ലാവരെയും ഉൾക്കൊള്ളുന്നതും ഭാവി മുന്നിൽക്കണ്ടുള്ളതുമായ നഗരാസൂത്രണത്തിന് പേരുകേട്ട കൊച്ചി, കുടുംബങ്ങൾക്കും പ്രൊഫഷണലുകൾക്കും നിക്ഷേപകർക്കും ഒരുപോലെ മികച്ച ജീവിതശൈലി വാഗ്ദാനം ചെയ്യുന്നു. സാമ്പത്തിക വളർച്ച മുതൽ ജീവിതനിലവാരം വരെ കണക്കിലെടുക്കുമ്പോൾ, കേരളത്തിൽ സ്വന്തമായി ഒരു വീടുണ്ടാകാൻ ആളുകൾ ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്ന നഗരങ്ങളിലൊന്നായി കൊച്ചി മാറിക്കഴിഞ്ഞു. കേരളത്തിന് ഉള്ളിൽ നിന്നും, ഇന്ത്യയിലെ മറ്റു മെട്രോ നഗരങ്ങളിൽ നിന്നും, ഗൾഫിൽ നിന്നും മറ്റ് പ്രവാസി സമൂഹങ്ങളിൽ നിന്നുമുള്ള വർദ്ധിച്ചുവരുന്ന താല്പര്യത്തിന് കാരണം നഗരത്തിൽ വികസിച്ചുകൊണ്ടിരിക്കുന്ന അടിസ്ഥാന സൗകര്യങ്ങളും, ഐ.ടി മേഖലയിലെ വളരുന്ന തൊഴിലവസരങ്ങളും, മികച്ച ജീവിതനിലവാരത്തിനൊപ്പം ആധുനിക വികസനം സന്തുലിതമായി കൊണ്ടുപോകുന്ന നഗരമെന്ന പേരുമാണ്. ദൈവത്തിന്റെ സ്വന്തം നാട്ടിലെ ഈ വികസിത നഗരത്തിലേക്ക് വന്ന് താമസിക്കാനുള്ള ഒരു ക്ഷണമാണ് ഇതെന്നാണ് ക്രെഡായ് ഇതിനെ വിശേഷിപ്പിക്കുന്നത്.

### 37ാമത് ക്രെഡായ് കൊച്ചി പ്രോപ്പർട്ടി എക്സ്പോ

- തീയതി, സമയം: ഓഗസ്റ്റ് 8, 9 (2026), രാവിലെ 10 മുതൽ രാത്രി 8 വരെ
- വേദി: ജെ.എൽ.എൻ സ്റ്റേഡിയം, കലൂർ, കൊച്ചി
ഉദ്ഘാടനം: ഓഗസ്റ്റ് 8, രാവിലെ 11:00ന്
- പ്രവേശനം: തികച്ചും സൗജന്യം
- പ്രധാന ആകർഷണങ്ങൾ: 20ലധികം പ്രമുഖ ബിൽഡർമാരിൽ നിന്നുള്ള നൂറിലേറെ റെറ (രജിസ്റ്റേർഡ് പ്രോജക്റ്റുകൾ; എല്ലാ ബഡ്ജറ്റുകൾക്കും അനുയോജ്യമായ വില്ലകൾ, അപ്പാർട്ട്മെന്റുകൾ, കൊമേഴ്സ്യൽ സ്പേസുകൾ; വേദിയിൽ വെച്ചുതന്നെയുള്ള ഹോം ലോൺ സൗകര്യങ്ങൾ.



# ഭാരതീയ വ്യാപാർ മഹോത്സവം ഓഗസ്റ്റ് 12 മുതൽ

**ന്യൂഡൽഹി:** കോൺഫെഡറേഷൻ ഓഫ് ആൾ ഇന്ത്യാ ട്രേഡേഴ്സും കേന്ദ്ര വാണിജ്യ മന്ത്രാലയത്തിൻറെ കീഴിലുള്ള ഇന്ത്യാ ട്രേഡ് പ്രമോഷൻ ഓർഗനൈസേഷനും സംയുക്തമായി സംഘടിപ്പിക്കുന്ന ഭാരതീയ വ്യാപാർ മഹോത്സവം ഡൽഹിയിലെ പ്രഗതി മൈതാനിലെ ഭാരത മണ്ഡപത്തിൽ ഓഗസ്റ്റ് 12 മുതൽ 15 വരെ നടത്തുമെന്ന് കോൺഫഡറേഷൻ ഓഫ് ഓൾ ഇന്ത്യ ട്രേഡേഴ്സ് ദേശീയ സെക്രട്ടറിയും ഭാരതീയ വ്യാപാര മഹോത്സവം ഓർഗനൈസിങ് ബോർഡ് അംഗവുമായ എസ്.എസ്. മനോജ്.കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഉദ്ഘാടനം ചെയ്യും. കേന്ദ്ര മന്ത്രിമാർ, വിവിധ സംസ്ഥാന മുഖ്യമന്ത്രിമാർ, സംസ്ഥാന മന്ത്രിമാർ, എംപിമാർ എംഎൽഎമാർ, വിവിധ രാജ്യങ്ങളുടെ അംബാസഡർമാർ, വിവിധ രാജ്യങ്ങളിലെ വ്യവസായികൾ, നിക്ഷേപകർ, സാമ്പത്തിക വിദഗ്ധർ തുടങ്ങിയവരുടെ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്. ഭാരതീയ വ്യാപാർ മഹോത്സവം ഇന്ത്യൻ ഉത്പന്നങ്ങൾക്ക് പുത്തൻ ഉണർവേകുമെന്നും അദ്ദേഹം പറഞ്ഞു.

കാർഷികസേവന വ്യാവസായിക ആരോഗ്യ ധനകാര്യം ടൂറിസം ഐ.ടി തുടങ്ങി സമസ്ത മേഖലകളിലെയും ഉത്പന്നങ്ങൾ ഭാരതീയ വ്യാപാര മഹോത്സവത്തിൽ അണിനിരക്കും. കേന്ദ്രസംസ്ഥാന സർക്കാരുകളുടെ പ്രത്യേക പവലിനുകളും ഉണ്ടാകും. Vocal for Local, Local for Gobal മുദ്രാവാക്യം ഉയർത്തിപ്പിടിച്ച് നടത്തുന്ന മഹോത്സവത്തിലേക്ക് രാജ്യ തലസ്ഥാനത്തുള്ള മുഴുവൻ വിദേശ എംബസികൾ വഴിയും തയാറെടുപ്പുകൾ നടത്തിക്കഴിഞ്ഞു എന്നും അദ്ദേഹം പറഞ്ഞു.

കേരളം ഉൾപ്പെടെ എല്ലാ സംസ്ഥാന മുഖ്യമന്ത്രിമാരെയും മേൽ സൂചിപ്പിച്ച മേഖലകൾ ഉൾക്കൊള്ളുന്ന വകുപ്പുകൾ കൈകാര്യം ചെയ്യുന്ന മന്ത്രിമാരെയും ദേശീയ ഭാരവാഹികൾ നേരിട്ട് ക്ഷണിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. കേരളത്തിൽ നിന്ന് മാത്രം 2200 ബിസിനസ് ഡെലിഗേറ്റ്സ് രജിസ്ട്രേഷൻ പൂർത്തിയാക്കിയെന്നും രജിസ്ട്രേഷൻ ചെയ്യുമെന്നും സംസ്ഥാന പ്രസിഡൻറ് പി. വെങ്കിട്ടരാമ അയ്യർ പറഞ്ഞു.

4 ദിവസങ്ങളിലായി നടക്കുന്ന മഹോത്സവത്തിലേക്ക് 10 ലക്ഷം ആളുകൾ, വിദേശികൾ ഉൾപ്പെടെ 2 ലക്ഷം ബിസിനസ് ഡെലിഗേറ്റുകൾ, 1000 + എക്സിബിറ്റേഴ്സ്, 200+ മീഡിയ എന്നിങ്ങനെ മികച്ച പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.



# ഇന്ത്യൻ ആഡ് ഫിലിം മേക്കേഴ്സ് അസോ. വാർഷികാഘോഷം

**കൊച്ചി:** ഇന്ത്യൻ പരസ്യചിത്ര നിർമാണ മേഖലയിലെ സംവിധായകരുടെയും നിർമാതാക്കളുടെയും സാങ്കേതികസർഗാത്മക പ്രവർത്തകരുടെയും കൂട്ടായ്മയായ ഇന്ത്യൻ ആഡ് ഫിലിം മേക്കേഴ്സ് അസോസിയേഷന്റെ പത്താം വാർഷികാഘോഷങ്ങൾ നടൻ കുഞ്ചാക്കോ ബോബൻ ഉദ്ഘാടനം ചെയ്തു.

കൊച്ചിയിലെ ക്രൗൺ പ്ലാസയിൽ നടന്ന ചടങ്ങിൽ ചലച്ചിത്രപരസ്യരംഗത്തെ പ്രമുഖരും അസോസിയേഷൻ അംഗങ്ങളും പങ്കെടുത്തു.

ചലച്ചിത്രപരസ്യചിത്ര സംവിധായകൻ വി.കെ. പ്രകാശ് ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. അസോസിയേഷൻ പ്രസിഡൻറ് സിജോയ് വർഗീസ് അധ്യക്ഷത വഹിച്ചു.

ജനറൽ സെക്രട്ടറി അരുൺരാജ് കാർത്ത സംഘടനയുടെ പത്തു വർഷത്തെ പ്രവർത്തനങ്ങളും നേട്ടങ്ങളും അവതരിപ്പിക്കുകയും വരും വർഷങ്ങളിലേക്കുള്ള സംഘടനയുടെ ദർശനവും പ്രവർത്തനപദ്ധതികളും വിശദീകരിക്കുകയും ചെയ്തു.

ട്രഷറർ അനിൽ ജയിംസ്, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, അസോസിയേഷൻ അംഗങ്ങൾ, ചലച്ചിത്രപരസ്യരംഗത്തെ പ്രമുഖർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.




# ബ്രൈറ്റെക്കിന്റെ പുതിയ ഫാക്ടറി ഓഗസ്റ്റ് 10ന് ഉദ്ഘാടനം ചെയ്യും

**കൊച്ചി:** പ്രമുഖ ഇന്റീരിയർഎക്സ്റ്റീരിയർ ആർക്കിടെക്ചറൽ ഡിസൈനിംഗ് ബ്രാൻഡായ ബ്രൈറ്റെക്ക് ഇന്റീരിയേഴ്സ് & എക്സ്റ്റീരിയേഴ്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ പുതിയ ഫാക്ടറികളുടെ ഉദ്ഘാടനവും പ്രീമിയം ലേബലായ 'D'1000 Furniture & Decor'ന്റെ ആഗോള ലോഞ്ചും 2026 ഓഗസ്റ്റ് 10 തിങ്കളാഴ്ച നടക്കും. വൈകുന്നേരം 4 മണിക്ക് ബോൾഗാട്ടി ഗ്രാന്റ് ഹയാത്തിൽ വെച്ചാണ് വർണ്ണാഭമായ ചടങ്ങുകൾ സംഘടിപ്പിച്ചിരിക്കുന്നത്.

എറണാകുളത്തെ വെണ്ണലയിലും എടക്കാട്ടുവയലിലുമായി രണ്ട് ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ പടുത്തുയർത്തിയ 2 കൂറ്റൻ ഫാക്ടറികളും 50,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഓഫീസ് ഏരിയയുമാണ് കമ്പനി സജ്ജമാക്കിയിരിക്കുന്നത്. ഈ മേഖലയിൽ ഇന്ത്യയിലെ തന്നെ ഏറ്റവും വലുതും അത്യാധുനിക സാങ്കേതികവിദ്യയിലുള്ള മെഷിനറികൾ സജ്ജീകരിച്ചിട്ടുള്ളതുമായ രാജ്യത്തെ ആദ്യത്തെ നിർമ്മാണ കേന്ദ്രങ്ങളിൽ ഒന്നാണിത്. രണ്ടായിരത്തിലധികം പുതിയ തൊഴിലവസരങ്ങളാണ് ഈ പദ്ധതിയിലൂടെ സൃഷ്ടിക്കപ്പെടുന്നത്. ജനപ്രിയ ഡിസൈനുകളും ലോകോത്തര ഫിനിഷിംഗും ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ വിപണിയിലെത്തിക്കാൻ ഈ സൗകര്യം ബ്രൈറ്റെക്കിന് കരുത്തേകും. എടക്കാട്ടുവയലിൽ സജ്ജമാക്കിയ പുതിയ ഫാക്ടറിയുടെ ഉദ്ഘാടനം സംസ്ഥാന ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം. ജോൺ നിർവ്വഹിക്കും.

ബ്രൈറ്റെക്കിന്റെ ഏറ്റവും പുതിയ സംരംഭമായ 'D'1000 Furniture & Decor' ബ്രാൻഡിന്റെ ഔദ്യോഗിക പ്രകാശനം ജോയ്ആലുക്കാസ് ഗ്രൂപ്പ് ഫൗണ്ടറും ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ജോയ് ആലുക്കാസ് നിർവ്വഹിക്കും. നിർമ്മാണ, ഡിസൈനിംഗ് മേഖലയിൽ ആധുനിക സാങ്കേതികവിദ്യ സമഗ്രമായി പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി ബ്രൈറ്റെക്ക് അവതരിപ്പിക്കുന്ന 'AI Innovations' ഉദ്ഘാടനം ഭക്ഷ്യസിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി അനൂപ് ജേക്കബ് നിർവ്വഹിക്കും.

ചടങ്ങിൽ വെച്ച് കമ്പനിയുടെ പുതിയ ഉൽപ്പന്ന നിരയായ 'Dice'ന്റെ ആദ്യ വിൽപ്പന എം.പി ഹൈബി ഈഡൻ, നൊവൽറ്റി ക്ലോത്തിംഗ് എം.ഡി ഇ. പി. ജോർജിന് നൽകി നിർവ്വഹിക്കും. കൂടാതെ, ബ്രൈറ്റെക്ക് ഗ്രൂപ്പ് സി.എം.ഡിഷിബു ഫ്രാൻസിസ് ചമ്മണിക്കോടത്തിന്റെ ആത്മകഥ കൊച്ചി കോർപ്പറേഷൻ മേയർ അഡ്വ. വി. കെ. മിനിമോൾ പ്രകാശനം ചെയ്ത് നൂർജഹാൻ ഷാജിക്ക് കൈമാറും.

ഗുണനിലവാരത്തിലും രൂപകൽപ്പനയിലും വിട്ടുവീഴ്ചയില്ലാത്ത സേവനങ്ങളിലൂടെ ചുരുങ്ങിയ കാലം കൊണ്ട് ഈ രംഗത്ത് തങ്ങളുടേതായ മുദ്ര പതിപ്പിച്ച ബ്രാൻഡ് ആണ് ബ്രൈറ്റെക്ക് ഇന്റീരിയേഴ്സ് & എക്സ്റ്റീരിയേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്. കസ്റ്റമൈസ്ഡ് ഇന്റീരിയർ ഡിസൈനിംഗ്, വാസ്തുശില്പപരമായ എക്സ്റ്റീരിയർ ജോലികൾ, മോഡേൺ ഫർണിച്ചർ മാനുഫാക്ചറിംഗ് എന്നിവയിൽ അത്യാധുനിക സാങ്കേതികവിദ്യയും പരമ്പരാഗത കരകൗശലവിദ്യയും സമന്വയിപ്പിച്ചാണ് ബ്രൈറ്റെക്ക് പ്രവർത്തിക്കുന്നത്. മികച്ച മെറ്റീരിയലുകൾ ഉപയോഗിച്ച് ദീർഘകാല ഈടുനില്ക്കുന്ന ഡിസൈനുകൾ ഉപഭോക്താക്കളിലേക്ക് എത്തിക്കുക എന്നതാണ് ബ്രൈറ്റെക്കിന്റെ ലക്ഷ്യം. റസിഡൻഷ്യൽ, കൊമേഴ്സ്യൽ പ്രോജക്ടുകൾ ഒരുപോലെ വിജയകരമായി പൂർത്തിയാക്കിയ പരിചയസമ്പത്തും, പാനലിംഗ്, വുഡ് വർക്കുകൾ, പ്രീമിയം ഫിനിഷിംഗ് എന്നിവയിലെ കൃത്യതയുമാണ് കമ്പനിയുടെ പ്രധാന കരുത്ത്.

ബ്രൈറ്റെക്ക് ഗ്രൂപ്പിന്റെ മൾട്ടിലെവൽ ബ്രാൻഡിംഗ് ലക്ഷ്യങ്ങളുടെ ഭാഗമായി, അത്യാധുനിക ഫർണിച്ചറുകളും ഹോം ഡെക്കോർ ഉൽപ്പന്നങ്ങളും നേരിട്ട് ഉപഭോക്താക്കളിലേക്ക് എത്തിക്കുന്ന പുതിയ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോം ആണ് 'D'1000'. ഗാർഹികവാണിജ്യ ആവശ്യങ്ങൾക്കായി തയ്യാറാക്കുന്ന ട്രെൻഡി ഫർണിച്ചറുകൾ, എക്സ്ക്ലൂസീവ് ഇന്റീരിയർ ഡെക്കോറേഷൻ ഉൽപ്പന്നങ്ങൾ എന്നിവയെല്ലാം ഓൺലൈനിലൂടെ എളുപ്പത്തിൽ സ്വന്തമാക്കാം. വീടുകൾക്കും ഓഫീസുകൾക്കും ഒരുപോലെ ആധുനിക ഭംഗിയും മികച്ച നിലവാരവും നൽകുന്ന ഉൽപ്പന്നങ്ങളുടെ വിപുലമായ ശേഖരമാണ് D'1000 ഇകൊമേഴ്സ് പ്ലാറ്റ്ഫോമിലൂടെ വിപണിയിലെത്തുന്നത്.

## ഫ്ളൈടെക്സ്റ്റുമായി കൈകോർത്ത് ഐഐഎഫ്എൽ ക്യാപിറ്റൽ

**തിരുവനന്തപുരം:** ടെക്നോപാർക്ക് ആസ്ഥാനമായി പ്രവർത്തിക്കുന്ന എൻറർപ്രൈസ് എഐ സൊല്യൂഷൻ ദാതാക്കളായ ഫ്ളൈടെക്സ്റ്റുമായി പങ്കാളിത്തം പ്രഖ്യാപിച്ച് പ്രമുഖ നിക്ഷേപവെൽത്ത് മാനേജ്മെൻറ് സ്ഥാപനമായ ഐഐഎഫ്എൽ ക്യാപിറ്റൽ.

നിക്ഷേപകരുമായുള്ള ബന്ധം ദൃഢമാക്കുക, അസറ്റ്സ് അണ്ടർ മാനേജ്മെൻറ് വളർച്ച വേഗത്തിലാക്കുക എന്നീ ലക്ഷ്യത്തോടെയാണ് ഇരു കമ്പനികളും കൈകോർക്കുന്നത്.

മാറുന്ന കാലത്തിനൊപ്പമുള്ള നിക്ഷേപ സേവനങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുക എന്നത് സാമ്പത്തിക സ്ഥാപനങ്ങൾക്ക് ഏറെ ശ്രമകരമായ ദൗത്യമാണ്.

ഈ സാഹചര്യത്തിൽ ഫ്ളൈടെക്സ്റ്റിന്റെ ഏജൻറിക് എഐ പ്ലാറ്റ്ഫോം പ്രയോജനപ്പെടുത്തുന്നതിലൂടെ നിക്ഷേപകരുടെ താത്പര്യങ്ങൾ ആഴത്തിൽ മനസിലാക്കാനും അവരുടെ സാമ്പത്തിക ലക്ഷ്യങ്ങൾക്കനുസൃതമായ നിക്ഷേപ നിർദേശങ്ങൾ നൽകുവാനും ഐഐഎഫ്എല്ലിന് സാധിക്കും.

## വിപണിയിലേക്ക് നാല് കമ്പനികൾ: ഐപിഒയുമായി ഷിപ്പ്റോക്കറ്റും മിൽക്കി മിസ്റ്റും

**മുംബൈ:** പാലുത്പന്ന കമ്പനിയായ മിൽക്കി മിസ്റ്റ്, മാർക്കറ്റിങ് ലജിസ്റ്റിക് സേവന പ്ലാറ്റ്ഫോമായ ഷിപ്റോക്കറ്റ് എന്നിവയുൾപ്പെടെ അടുത്തയാഴ്ച പ്രാഥമിക ഓഹരിവിപണി (ഐ.പി.ഒ.) യിലെത്തുന്നത് നാലു കമ്പനികൾ. ഇവ നാലുംചേർന്ന് 7,177 കോടി രൂപയാണ് സമാഹരിക്കുന്നത്.

പാലിൽനിന്ന് മൂല്യവർധിത ഉത്പന്നങ്ങൾ നിർമിക്കുന്ന തമിഴ്നാട് ആസ്ഥാനമായുള്ള മിൽക്കി മിസ്റ്റ് ഡെയറി ഫുഡ് 1,553 കോടി രൂപയാണ് സമാഹരിക്കുന്നത്. ഇതിൽ 1,428 കോടിയും പുതിയ ഓഹരികളാണ്. 11ന് തുടങ്ങുന്ന ഐ.പി.ഒ.യിൽ രണ്ടു രൂപയുടെ ഓഹരിക്ക് 133 രൂപ മുതൽ 140 രൂപ വരെയാണ് വില. 107 ഓഹരികളുടെ ഗുണിതങ്ങളായി 13 വരെ അപേക്ഷിക്കാം.

പന്ത്രണ്ടിന് തുടങ്ങുന്ന ഷിപ്പ്റോക്കറ്റ് 1,617.48 കോടി രൂപ ലക്ഷ്യമിടുന്നു. 885 കോടി രൂപയുടെ പുതിയ ഓഹരികളുണ്ട്. പത്തുരൂപ മുഖവിലയുള്ള ഓഹരിക്ക് 92 രൂപമുതൽ 97 രൂപവരെയാണ് വില. 154 ഓഹരികളുടെ ഗുണിതങ്ങളായി 14 വരെ അപേക്ഷിക്കാം.

ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഉപകരണങ്ങളും ബാറ്ററി പാക്കുകളും മറ്റും നിർമിക്കുന്ന ദൂത് ട്രാൻസ്മിഷന്റെ 3,066.89 കോടി രൂപയുടെ ഐ.പി.ഒ. പത്തുമുതൽ 12 വരെ നടക്കും. 1,400 കോടി രൂപയുടെ പുതിയ ഓഹരികളുണ്ട്. രണ്ടുരൂപ മുഖവിലയുള്ള ഓഹരിക്ക് 829 രൂപമുതൽ 871 രൂപവരെയാണ് വില. 17 ഓഹരികളുടെ ഗുണിതങ്ങളായി അപേക്ഷിക്കാം.

939.70 കോടി രൂപ ലക്ഷ്യമിടുന്ന മോൾബിയോ ഡയഗ്നോസ്റ്റിക്സിന്റെ ഐ.പി.ഒ. പത്തിനു തുടങ്ങും. ഒരുരൂപ മുഖവിലയുള്ള ഓഹരിക്ക് 768 രൂപ മുതൽ 807 രൂപവരെയാണ് വില. 18 ഓഹരികളുടെ ഗുണിതങ്ങളായി 12 വരെ അപേക്ഷിക്കാം.

2,480 കോടി ലക്ഷ്യമിടുന്ന ലീപ് ഇന്ത്യയുടെ ഐ.പി.ഒ.യും 252 കോടിയുടെ ടെക്നോക്രാഫ്റ്റ് ഐ.പി.ഒ.യും വെള്ളിയാഴ്ച തുടങ്ങും.

മിൽക്കി മിസ്റ്റ് പോലുള്ള കമ്പനികളിലെ ഉയർന്ന 'ഫ്രഷ് ഇഷ്യൂ' വിഹിതം കമ്പനിയുടെ വളർച്ചാ ഘട്ടത്തെയാണ് കാണിക്കുന്നത്. പ്രമോട്ടർമാർ ഓഹരി വിറ്റഴിക്കുന്നതിനേക്കാൾ പ്രാധാന്യം കമ്പനിയിലേക്ക് നേരിട്ട് മൂലധനം എത്തിക്കുന്നതിനാണ് നൽകിയിരിക്കുന്നത്.

# റബർ ഉത്പാദന പ്രോത്സാഹന പദ്ധതി 12-ാം ഘട്ടം തുടങ്ങുന്നു

**കോട്ടയം:** റബർ കർഷകർക്ക് ന്യായമായ വില ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ സർക്കാർ നടപ്പാക്കുന്ന റബറുത്പാദന പ്രോത്സാഹന പദ്ധതിയുടെ 12ാം ഘട്ടം ആരംഭിച്ചു.

കർഷകർ ഉത്പാദിപ്പിക്കുന്ന റബറിന് (ആർഎസ്എസ് നാല്) കിലോഗ്രാമിന് കുറഞ്ഞത് 250 രൂപ ഉറപ്പാക്കുന്നതാണു പദ്ധതി. നിലവിൽ പദ്ധതിയിൽ അംഗങ്ങളാകാത്ത കർഷകർക്ക് ഒക്ടോബർ 23 വരെ രജിസ്റ്റർ ചെയ്യാൻ അവസരമുണ്ടായിരിക്കും. ഇതിനായി നിശ്ചിത ഫോറത്തിൽ അടുത്തുള്ള റബറുത്പാദക സംഘത്തിൽ അപേക്ഷ നൽകണം.

അപേക്ഷയോടൊപ്പം അപേക്ഷകൻറെ ഫോട്ടോ, ടാപ്പുചെയ്യുന്ന റബർ നിൽക്കുന്ന സ്ഥലത്തിന്റെ തന്നാണ്ട് കരം അടച്ച രസീത്, ബാങ്ക് പാസ്ബുക്കിൻറെയും ആധാർ കാർഡിന്റെയും കോപ്പി എന്നിവ ഹാജരാക്കണം.

നിലവിൽ അംഗങ്ങളായിട്ടുള്ള എല്ലാ ഗുണഭോക്താക്കളും 2026-27 വർഷത്തെ ഭൂനികുതി അടച്ച രസീത് സമർപ്പിച്ച് രജിസ്ട്രേഷൻ പുതുക്കണം. ധനസഹായത്തിനായി സമർപ്പിക്കുന്ന സെയിൽസ് ഇൻവോയ്സുകളും ബില്ലുകളും സാധുവായ ലൈസൻസുള്ള ഡീലറിൽനിന്നുള്ളതായിരിക്കണം.

ഡീലർമാർ നിയമപരമായി വേണ്ട റിട്ടേണുകൾ എല്ലാം സമർപ്പിക്കുന്നവരുമായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള റബർബോർഡ് ഓഫീസുമായി ബന്ധപ്പെടുക.

